10. ഫോർട്ട്
11. വിഴിഞ്ഞം
12. വഞ്ചിയൂർ
13. പേട്ട
14. മെഡിക്കൽ കോളേജ്
15. തുമ്പ
16. പുന്തുറ
17. വലിയതുറ

(ബി) മേൽപ്പറഞ്ഞ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലനത്തിന് പ്രോപ്പർട്ടി കേസുകളെ സംബന്ധിച്ചുള്ള കുറ്റന്വേഷണവും പ്രത്യേകം ചുമതലയുള്ള സബ് ഇൻസ്പെക്ടർമാരുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിലേയ്ക്ക് വെവ്വേറെ വാഹനങ്ങളും, ഓഫീസ് റിക്കാർഡുകളും അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) കുറ്റാന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗം നിലവിലുണ്ട്.

(ഇ) പോലീസ് സംവിധാനത്തിൽ ഈ സർക്കാർ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഡോ. അംബേദ്കറുടെ നാമധേയത്തിൽ പഠന ഗവേഷണ കേന്ദ്രം

*19 [527] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജനമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. അംബേദ്കറുടെ നാമധേയത്തിൽ ഒരു പഠന ഗവേഷണ കേന്ദ്രം ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) കേന്ദ്ര ഗവൺമെന്റ് ഇതിന് സാമ്പത്തിക സഹായം നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്ര സഹായം അനുവദിച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) തിരുവനന്തപുരത്ത് "ഡോ. അംബേദ്കർ ഭവൻ" നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് 28-1-2005-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) 500 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിനാണ് ഇപ്പോൾ ഭരണാനുമതി നൽകിയിരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഹെൽത്ത് വിസിറ്റർമാരെ നിയമിക്കാൻ നടപടി

*20 [528] ശ്രീമതി ശോഭനാജോർജ്ജ്:

ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എ. കെ. മണി:

,, ടി. യു. രാധാകൃഷ്ണൻ:

,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗവൺമെന്റ് ആശുപത്രിയോടും അനുബന്ധിച്ച് ഹെൽത്ത് വിസിറ്റർമാരെ നിയമിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുടെ വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ ആന്റ് ബി) ആരോഗ്യ വകുപ്പിൽ ഹെൽത്ത് വിസിറ്റർ എന്ന പേരിലുള്ള തസ്തിക നിലവിൽ ഇല്ല. സർക്കാർ ആശുപത്രിയിൽ ചികിത്സക്കായി വരുന്ന പൊതുജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിന് റിക്കാർഡ് ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനം സാമൂഹികാരോഗ്യ കേന്ദ്രത്തിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly